II.ഇ.ബി. XII--കേരള നിയമസഭ/VI- 9

**പന്ത്രണ്ടാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 സെപ്റ്റംബർ 14, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

54 (*241) സ്വയംഭരണാധികാരമുള്ള കോളേജുകൾ

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 39 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളും 150 എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളും 3 സർക്കാർ സംഗീത കോളേജുകളും 4 സർക്കാർ ട്രെയിനിംഗ് കോളേജുകളും 17 എയ്ഡഡ് ട്രെയിനിംഗ് കോളേജുകളും ഒരു സർക്കാർ കായിക വിദ്യാഭ്യാസ കോളേജും 11 എയ്ഡഡ് അറബിക് കോളേജുകളും പ്രവർത്തിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഈ കോളേജുകളിൽ ഒന്നിനും ഇതുവരെ സ്വയംഭരണാധികാരം നൽകിയിട്ടില്ല. സ്വയംഭരണാധികാരം ലഭിക്കുന്ന കോളേജുകൾക്ക് യു.ജി.സി.യിൽനിന്നും കേന്ദ്ര ഗവൺമെന്റിൽനിന്നും താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് ധനസഹായം ലഭിക്കാവുന്നതാണ്.

ഗസ്റ്റ്/വിസിറ്റിംഗ് അദ്ധ്യയനം നടത്തുന്നതിന്

അദ്ധ്യാപക പരിശീലനത്തിനും പുനർ പരിശീലനത്തിനും

കോഴ്സുകളുടെ പുനരാവിഷ്ക്കരണവും അദ്ധ്യാപനത്തിനും പഠനത്തിനും വേണ്ടതായ സാമഗ്രികളുടെ വികസനവും

വർക്ക്ഷോപ്പുകളും/സെമിനാറുകളും നടത്തുന്നതിന്

പരീക്ഷാ പരിഷ്ക്കരണം

ഓഫീസ് ഉപകരണങ്ങൾ, അദ്ധ്യാപന സഹായ സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന്

ഓഫീസിലും ക്ലാസ് മുറികളിലും പരീക്ഷണശാലകളിലും ലൈബ്രറികളിലും ആവശ്യമുള്ള ഫർണിച്ചർ വാങ്ങുന്നതിന്

ലൈബ്രറി ഉപകരണങ്ങൾ, ബുക്ക്/ജേർണലുകൾ എന്നിവ വാങ്ങുന്നതിന്

ഗവേണിംഗ് ബോഡിയുടെയും കമ്മിറ്റിയുടെയും യോഗ ചെലവ്

കൺട്രോളർ ഓഫ് എക്സാമിനേഷന്റെ ഓണറേറിയത്തിന് (പ്രതിമാസം 5000 രൂപ വരെ)

നാക് അക്രഡിറ്റേഷൻ ഫീസ്

സംസ്ഥാനത്ത് നിലവാരം പുലർത്തുന്ന കോളേജുകൾക്ക് സ്വയംഭരണാവകാശം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഉന്നതവിദ്യാഭ്യാസരംഗം കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി രൂപീകരിച്ച ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സജീവ പരിഗണനയിലിരിക്കുന്ന ഈ വിഷയത്തിൽ കൗൺസിലിന്റെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതാണ്. ആറുമാസത്തിനുള്ളിൽ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരം എൻജിനീയറിംഗ്

കോളേജിന് ആട്ടോണമസ് പദവി നൽകുന്നതിന് തുടക്കംക്കുറിച്ചെങ്കിലും പിന്നീട് തുടർ നടപടികളുണ്ടായില്ല. സംസ്ഥാനത്തെ 5 ഗവൺമെന്റ് കോളേജുകൾക്കും 10 എയ്ഡഡ് കോളേജുകൾക്കും സ്വയംഭരണ പദവി നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ നൽകിയെങ്കിലും അതിന്മേൽ ഗവൺമെന്റ് ഒരു തീരുമാനവുമെടുത്തില്ല. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സാങ്കേതിക പഠനത്തിന് വളരെയേറെ പ്രാധാന്യം കൊടുക്കുന്നുണ്ട്. ആട്ടോണമസ് കോളേജുകളാക്കി മാറ്റിക്കൊണ്ടുമാത്രമേ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കാൻ പാടുള്ളൂ എന്ന നിഗമനത്തിലേക്ക് എത്തുന്നത് ശരിയല്ല. അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകൾ പ്രകടിപ്പിച്ച ആശങ്കകൾ പരിഹരിച്ചുകൊണ്ട് ആട്ടോണമസ് കോളേജുകളുടെ ഗുണം ലഭ്യമാക്കാൻ കഴിയുന്ന വിധത്തിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. സ്വയംഭരണ കോളേജുകൾ സംസ്ഥാനത്ത് നിലവിൽവന്നാൽ അവ പേരന്റ് സർവ്വകലാശാലയുമായുള്ള ബന്ധം തുടരും. 2006-07-ലെ എം.എച്ച്.ആർ.ഡി.യുടെ ആനുവൽ റിപ്പോർട്ട് പ്രകാരം 249 ആട്ടോണമസ് കോളേജുകൾ ഇൻഡ്യയിലുണ്ട്. നാക് അക്രഡിറ്റേഷൻ സഹായം ലഭ്യമാക്കുന്നതിന് കൊളീജിയറ്റ് എഡ്യൂക്കേഷന്റെ കീഴിൽ ഒരു വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സഹായം കൂടുതൽ കോളേജുകൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അംഗീകാരത്തോടുകൂടി മാത്രമേ പുതിയ സാങ്കേതിക വിദ്യാലയങ്ങൾ അനുവദിക്കാൻ സാധിക്കുകയുള്ളു. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ വർദ്ധിപ്പിക്കാൻ യോജിച്ച പ്രവർത്തനങ്ങൾ

ആവശ്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായവും തേടേണ്ടതുണ്ട്. ഈ രംഗത്ത് 2000 കോടി രൂപയ്ക്കടുത്ത കേന്ദ്ര നിക്ഷേപം ലഭ്യമാക്കാനുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. കേരള ചരിത്രത്തിൽ ഇന്നുവരെ ഉണ്ടാകാത്തവിധത്തിലുള്ള ഉന്നത വിദ്യാഭ്യാസ രംഗത്തെ ഈ നിക്ഷേപം ഉന്നത വിദ്യാഭ്യാസത്തിന്റെ പൊതുതാൽപര്യമുയർത്തുകയും അക്കാഡമിക് അന്തരീക്ഷം കേരളത്തിൽ സൃഷ്ടിക്കുകയും ചെയ്യും. ഇൻഡ്യയിലെ ഒന്നാംകിട കോളേജുകളുടെ കൂട്ടത്തിൽ കേരളത്തിലെ കോളേജുകൾ വരുന്നില്ലായെന്നുള്ളത് ശരിയാണ്. വിദേശരാജ്യങ്ങളിൽ സ്വതന്ത്രമായ അക്കാഡമിക് സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആ രാജ്യങ്ങളുടെ വളർച്ചയ്ക്ക് സംഭാവനകൾ നൽകിയിട്ടുണ്ട്. ലോക നിലവാരത്തിലേക്ക് ഉന്നതവിദ്യാഭ്യാസ രംഗത്തെ ഉയർത്തുന്നതിനാവശ്യമായ പഠനമോ, ഗവേഷണങ്ങളോ ഉണ്ടാകുന്നില്ല. ഇത് പരിഹരിക്കുന്നതിന് അദ്ധ്യാപകരായി ഈ മേഖലയിൽ ചുമതലയേൽക്കുന്നവർ തുടർന്ന് പഠന/ഗവേഷണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ കോളേജുകൾ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. അനാവശ്യ നിയന്ത്രണം ഒഴിവാക്കിയും ആവശ്യമായ നിയന്ത്രണങ്ങൾ പുലർത്തിയും അക്കാഡമിക് ആട്ടോണമി സംരക്ഷിച്ചും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഭാവി നയം ആവിഷ്ക്കരിക്കണം. കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട സർവ്വകലാശാലകളുടെ ചില കേന്ദ്രങ്ങൾ കേരളത്തിൽ ആരംഭിക്കാൻ കഴിയുമോയെന്ന കാര്യത്തിൽ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. ആട്ടോണമസ് കോളേജുകളെ സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തില്ലെങ്കിലും

കേരളത്തിലെ പ്രശസ്തരായ ആളുകളുടെ സേവനം പ്രയോജനപ്പെടുത്തി പ്രശസ്തമായ കോളേജുകളുടെ മികവ് വർദ്ധിപ്പിക്കുന്നതിന് ഒരു പദ്ധതി ഈ ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി ക്ളസ്റ്റർ കോളേജ് എന്ന സങ്കൽപ്പം വികസിപ്പിച്ചിട്ടുണ്ട്. ഇതിനായി 2007-08 ബഡ്ജറ്റിൽ ഒരു കോടി രൂപ നീക്കിവച്ചിട്ടുണ്ട്. എറണാകുളം മഹാരാജാസ് കോളേജ് കേന്ദ്രീകരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ക്ളസ്റ്റർ പദ്ധതി നടപ്പാക്കാൻവേണ്ടി കൊച്ചി സർവ്വകലാശാല മുൻ വി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വേണ്ടത്ര ആസൂത്രണം കൂടാതെ കോളേജുകളും കോഴ്സുകളും ആരംഭിച്ചതുവഴി നിലവാരത്തിന്റെ പ്രശ്നമുണ്ടായിട്ടുള്ളതുകൊണ്ട് പുതിയ കോഴ്സുകൾ അനുവദിക്കുന്നത് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ തീരുമാനമനുസരിച്ചായിരിക്കും. കേരളത്തിലെ വിദ്യാഭ്യാസ മികവിന് പിന്നിൽ ഗവൺമെന്റിനോടൊപ്പം സ്വകാര്യ സംരംഭകരും കോ-ഓപ്പറേറ്റീവ് മാനേജുമെന്റും പങ്കുവഹിച്ചിട്ടുണ്ട്. കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി ആക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണെന്നും സ്പെയ്സ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ഡീംഡ് പദവി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ആർ.സി.സി.ക്ക് ഡിംഡ് പദവി ലഭ്യമാക്കുന്നതിനുള്ള പ്രോസസ് നടന്നുകൊണ്ടിരിക്കുകയാണെന്നും അർഹതപ്പെട്ട സ്ഥാപനങ്ങൾക്ക് ഡീംഡ് പദവി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

55 (*242) സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, സഹകരണമേഖലയിൽ കൂടുതൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സഹകരണ നവരത്നം കേരളം പരിപാടിയിലെ സഹകരണ വിദ്യാഭ്യാസം കേരളീയം പരിപാടിയിൽ സഹകാരികൾ മുൻകൈയെടുത്ത് എല്ലാ നിയോജകമണ്ഡലങ്ങളിലും പ്രൊഫഷണൽ കേളേജുകൾ തുടങ്ങണമെന്നതാണ് ഗവണ്മെന്റിന്റെ നയം. ആയതിന് സംസ്ഥാനത്താകെ ശ്രമങ്ങൾ ആരംഭിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, എറണാകുളം, മലപ്പുറം, ആലപ്പുഴ, പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽ അതിന് തുടക്കമിട്ടിട്ടുണ്ട്. ആലപ്പുഴയിൽ കേപ്പിന്റെ ആഭിമുഖ്യത്തിൽ എൻജിനീയറിംഗ് കോളേജ്, ഫിനിഷിംഗ് സ്കൂൾ എന്നിവ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ നെയ്യാർഡാമിനടുത്ത് നെട്ടുകാൽത്തേരിയിൽ ആരംഭിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) എന്ന സ്ഥാപനത്തിൽ എം.ബി.എ., എം.സി.എ. കോഴ്സുകൾ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജിൽ നഴ്സിംഗ്, ഫാർമസി, ദന്തൽ കോളേജുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. മുൻ ഗവൺമെന്റിന്റെ കാലത്ത് പരിയാരം മെഡിക്കൽകോളേജിൽ ക്രമക്കേടുകൾ നടന്നതായി ആക്ഷേപം ഉണ്ടായിട്ടുണ്ട്. പോസ്റ്റ്ഗ്രാഡുവേറ്റ് വിദ്യാർത്ഥികളുടെ അഡ്മിഷനിൽ സംവരണം തെറ്റിച്ചതു സംബന്ധിച്ച് തിരുത്തണമെന്നാവശ്യപ്പെടുകയും

തിരുത്തുകയും ചെയ്തിട്ടുണ്ട്. സഹകരണമേഖലയിൽ സഹകാരികൾ മുൻകയ്യെടുത്താണ് കോ-ഓപ്പറേറ്റീവ് പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കേണ്ടത്. ആലപ്പുഴയിലും പരവൂരും (എറണാകുളം) കോ-ഓപ്പറേറ്റീവ് പ്രൊഫഷണൽ കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വാശ്രയ കോളേജുകൾ ഗവൺമെന്റിന്റെ യാതൊരു സഹായമില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഇത് കച്ചവടമാക്കിമാറ്റിയപ്പോഴാണ് പ്രശ്നമുണ്ടായത്. കേപ്പിന്റെ കീഴിൽ 5 എഞ്ചിനീയറിംഗ് കോളേജും ഒരു മെഡിക്കൽകോളേജും നല്ല നിലയിൽ പ്രവർത്തിച്ചുവരികയുമാണ്. നിലവിൽ സാമ്പത്തിക പ്രശ്നമുണ്ട്. സഹകരണ മേഖലയ്ക്ക് മാത്രമായി സ്വാശ്രയ നിയമമുണ്ടാക്കാൻ കഴിയില്ല. ഫീസിനെ സംബന്ധിച്ച് ജസ്റ്റിസ് മുഹമ്മദ് കമ്മിഷനുമായി ഗവൺമെന്റ് ചർച്ച നടത്തി. ലാഭനഷ്ടം ഇല്ലാത്ത രീതിയിലുള്ള ഫീസ് തീരുമാനിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. സഹകരണ വകുപ്പിന്റെ കീഴിൽ ഏതെങ്കിലും ഒരു കേന്ദ്രത്തിൽ മാതൃകാപരമായ സ്കാനിംഗ് സെന്റർ തുടങ്ങുന്നകാര്യം ഗൗരമായി പരിശോധിക്കുന്നതാണെന്നും സഹകരണ വകുപ്പിന്റെ കീഴിലുള്ള കൊച്ചി സഹകരണ മെഡിക്കൽകോളേജിൽ ബി.പി.എൽ.കാർക്ക് സമ്പൂർണ്ണ സൗജന്യ ചികിത്സയും യാത്രാ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ടെന്നും ബി.പി.എൽ.ന് മുകളിലുള്ളവർക്ക് ചാർജ്ജ് കുറച്ചിട്ടുണ്ടെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

56 (*243) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അതിന്റെ ഭാഗമായി റവന്യൂ വില്ലേജ് റിക്കാർഡുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു. സ്ഥലസൗകര്യം, ഫണ്ടിന്റെ ലഭ്യത എന്നിവയനുസരിച്ചുമാത്രമേ പുതിയ വില്ലേജ് ഓഫീസുകൾ നിർമ്മിക്കാനാവുകയുള്ളു. വില്ലേജുകളിലെ ബി.റ്റി.ആർ. രജിസ്റ്ററുകളുടെ ഡാറ്റാ എൻട്രി ജോലികൾ അവസാന ഘട്ടത്തിലാണ്. അതോടൊപ്പം തണ്ടപ്പേർ രജിസ്റ്ററുകളുടെയും ഡാറ്റാ എൻട്രി ജോലികൾ പുരോഗമിച്ചു വരുന്നു. ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു. കമ്പ്യൂട്ടർവൽക്കരണം എത്രയും വേഗത്തിൽ പൂർത്തിയാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 23 തരം സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലയളവ് പുതുക്കി നിശ്ചയിച്ചുകൊണ്ട് 24-7-2007-ൽ ഉത്തരവിറക്കിയിട്ടുണ്ട്. സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരവും പുന:ക്രമീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പത്തുവർഷത്തേയ്ക്ക് ഒരു ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിന് കഴിയും. വില്ലേജ് ഓഫീസുകളിലെ എല്ലാ രേഖകളും ഗവൺമെന്റിന്റെ ഭൂമി ഉൾപ്പെടെ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുമായിരുന്ന ജമാവന്തി പരിശോധന വീണ്ടും ആരംഭിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് കാലതാമസം കൂടാതെ

തീരുമാനമെടുക്കുന്നതാണ്. വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ കുറവുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏതാണ്ട് 1100-ഓളം തസ്തികകൾ വെട്ടിക്കുറച്ചതിനെത്തുടർന്നുണ്ടായ പ്രതിസന്ധിക്ക് പരിഹാരം കാണാൻ ശ്രമിക്കുകയാണ്. ഒരേ ആധാരം തന്നെ പലർക്കും പതിച്ചു കൊടുത്ത് രജിസ്ട്രേഷൻ നടത്തി വില്ലേജ് ഓഫീസുകളിൽ കരം ഒടുക്കി പട്ടയം കൊടുക്കുന്നതായി നിരവധി പരാതികൾ ലഭിച്ചതിനെത്തുടർന്ന് രജിസ്ട്രേഷൻ നടപടിക്രമത്തിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ/റവന്യു വകുപ്പുകൾ തമ്മിൽ കൂടുതൽ ആശയ വ്യക്തത വരുത്തിക്കൊണ്ട് ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും വ്യാജ രജിസ്ട്രേഷനുകളും പോക്കുവരവും തടയുന്നതിനും നടപടി സ്വീകരിച്ചിട്ടു ണ്ടെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

57 (*245) കൊച്ചി മെട്രോ റെയിൽ പദ്ധതി

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് സംസ്ഥാന സർക്കാർ തത്വാധിഷ്ഠിത അംഗീകാരം നൽകിയിട്ടു ണ്ടെന്നറിയിച്ചു. പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കായി ഇതിനകം 97,49,388 രൂപ ചെലവഴിച്ചിട്ടുണ്ട്. കൺസൾട്ടന്റായ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ നിർമ്മാണച്ചുമതല ഏൽപ്പിക്കുന്നത് സംബന്ധിച്ചുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു.

58 (*261) <u>തുറമുഖങ്ങളുടെ നവീകരണം</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളത്തിലെ 17 ചെറുകിട തുറമുഖങ്ങളിൽ വികസന സാദ്ധ്യതയുള്ള വിഴിഞ്ഞം, കൊല്ലം(തങ്കശ്ശേരി), ആലപ്പുഴ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ആദ്യഘട്ടത്തിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുവെന്നറിയിച്ചു.

59 (* 263) <u>നെൽകൃഷിക്കായുള്ള ബാങ്ക് വായ്പ</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, നെൽകൃഷിക്ക് നാലു ശതമാനം പലിശ നിരക്കിൽ വായ്പ നൽകുന്നതിന് സഹകരണ വകുപ്പ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്നറിയിച്ചു. കഴിഞ്ഞ ഒരു മാസം 6,34,750 രൂപ വായ്പ നൽകിയിട്ടുണ്ട്. നെൽകൃഷി വായ്പയ്ക്ക് വേണ്ടത്ര ആവേശം കൃഷിക്കാർ കാണിക്കുന്നില്ല. പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ വഴിയാണ് നെൽകൃഷിക്കുള്ള വായ്പകൾ അനുവദിക്കുന്നത്. വായ്പകൾ നെൽകൃഷിക്കായി തന്നെയാണ് വിനിയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട സംഘം/ബാങ്ക് സെക്രട്ടറി, സഹകരണസംഘം യൂണിറ്റ് ഇൻസ്പെക്ടർ അല്ലെങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന ഇൻസ്പെക്ടർ, ജില്ലാ സഹകരണ ബാങ്ക് ഇൻസ്പെക്ടർ എന്നിവർ വിനിയോഗം പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകാൻ സഹകരണസംഘം രജിസ്ട്രാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ദുരുപയോഗം ചെയ്യുന്ന വായ്പകൾ കാലാവധി നോക്കാതെ തന്നെ കാർഷികേതര വായ്പാ പലിശ നിരക്കിൽ തിരിച്ചടയ്ക്കു

ന്നതിന് ബാങ്കുകൾ/സംഘങ്ങൾ നടപടി സ്വീകരിക്കുന്നതാണ്. വായ്പകൾ ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളും സഹകരണ ബാങ്ക് പ്രസിഡണ്ട്, സെക്രട്ടറി, ജില്ലാ സഹകരണ ബാങ്ക് ഭരണസമിതി അംഗം, കൃഷി ഓഫീസർ, പാടശേഖര സമിതി കൺവീനർ യൂണിറ്റ് ഇൻസ്പെക്ടർ എന്നിവരടങ്ങിയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

60 (*270) <u>സാങ്കേതിക വിദ്യാഭ്യാസ വികസനം</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ വികസനത്തിന് ഒരു ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല പ്രവർത്തിക്കുന്നുണ്ടെന്നറിയിച്ചു. കൂടാതെ സർക്കാർ, സർക്കാർ നിയന്ത്രിത, സ്വകാര്യ മേഖലകളിലായി 84 എഞ്ചിനീയറിംഗ് കേളേജുകളും 56 പോളിടെക്നിക്കുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സർക്കാർ മേഖലയിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകൾ, 3 ഫൈൻ ആർട്ട്സ് കോളേജുകൾ, 17 കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, 42 ടെയിലറിംഗ് സ്ഥാപനങ്ങൾ, 4 വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ ഐ.എച്ച്.ആർ.ഡി.യുടെ കീഴിലായി 26 ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളും 2 റീജിയണൽ സെന്ററുകളും 3 എക്സ്റ്റൻഷൻ സെന്ററുകളും, 18 അപ്ളൈഡ് സയൻസ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

62 (1659) <u>പ്രാദേശിക സ്പോർട്ട്സ് കൗൺസിൽ രൂപീകരണം</u>

ജില്ലാ സ്പോർട്ട്സ് കൗൺസിലുകൾക്കു കീഴിൽ പ്രാദേശികാടിസ്ഥാനത്തിൽ സ്പോർട്ട്സ് കൗൺസിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. 2007-ലെ കേരള സ്പോർട്ട്സ് ആക്ട് (ഭേദഗതി) പ്രകാരം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുതലത്തിൽ സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിക്കുവാനുള്ള നപടി സ്വീകരിച്ചുവരുന്നു. 2007-08-ലെ സംസ്ഥാന ബഡ്ജറ്റിൽ പരാമർശിച്ചിട്ടുള്ള ഒരു പഞ്ചായത്തിൽ ഒരു മിനിസ്റ്റേഡിയവും വാർഡിനൊരു കളിസ്ഥലവും എന്ന പദ്ധതി, തദ്ദേശഭരണസ്ഥാപനങ്ങളുടെ 2007-08-ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ സർവ്വീസ് മേഖലയിൽ ഉൾപ്പെടുത്തി സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും പണികഴിപ്പിക്കുന്നതിനാവശ്യമായ തുക നീക്കിവയ്ക്കുവാൻ തീരുമാനമായിട്ടുണ്ട്.

63 (1663) <u>നാടൻ കായികവിനോദങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതി</u>

കേരളത്തനിമയാർന്ന കായികവിനോദങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി 12 ജില്ലകളിൽ ആയോധന കേന്ദ്രങ്ങൾ സ്ഥാപിച്ച് 7 മുതൽ 14 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് കളരിപ്പയറ്റ് പരിശീലനം നൽകുന്നുണ്ട്. കളരിപ്പയറ്റിന്റെ ആസ്ഥാനമായ കോഴിക്കോട് ജില്ലയിലെ വടകരയിൽ ഒരു കളരി അക്കാദമി സ്ഥാപിച്ച് 30 കുട്ടികളെ വീതം 3 ബാച്ചുകളായി തെരഞ്ഞെടുത്ത് 7 വർഷത്തെ തുടർച്ചയായ പരിശീലനം നൽകി വരുന്നു. എല്ലാവർഷവും സംസ്ഥാന തലത്തിൽ കളരിപ്പയറ്റ് മൽസരങ്ങൾ നടത്തിവരുന്നു. മരമടി മുതലായ കാർഷിക കായിക

വിനോദങ്ങൾ കേരളോൽസവത്തിന്റെ ഭാഗമായി ഈ വർഷം മുതൽ സംഘടിപ്പിക്കുന്നുണ്ട്.

64 (1668) ആലപ്പുഴ കോച്ച് നിർമ്മാണ ഫാക്ടറി

സർക്കാർ പൊതുമേഖലാ സ്ഥാപനമായ ആലപ്പുഴയിലെ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡുമായി സംയുക്ത സംരംഭമെന്ന നിലയിൽ കോച്ച് ഫാക്ടറി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ റെയിൽവേ ബോർഡ് സ്വീകരിച്ചുവരുന്നു.

65 (1670) അങ്കമാലി-അഴുത ശബരി റെയിൽപ്പാത

അങ്കമാലി-അഴുത ശബരി റെയിൽപ്പാതയ്ക്ക് വേണ്ടി 470.86 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് റെയിൽവേ റിക്വിസിഷൻ നൽകിയിട്ടുണ്ട്. അങ്കമാലി മുതൽ പെരുമ്പാവൂർവരെയുള്ള സ്ഥലമെടുപ്പിന് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. ഈ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഫാസ്റ്റ്ട്രാക്കിൽപ്പെടുത്തി കൈക്കൊള്ളുന്നതാണ്.

66 (1687) സുനാമി ബാധിത പ്രദേശങ്ങളിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

സുനാമിബാധിത പ്രദേശങ്ങളിലെ ജനങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായി 13-6-2007-ലെ ഉത്തരവുപ്രകാരം സുനാമിബാധിത പ്രദേശങ്ങളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ മാനദണ്ഡങ്ങൾക്കു വിധേയമായി സർക്കാർ മേഖലയിലും, എയ്ഡഡ് മേഖലയിലും ഉള്ള എൽ.പി./യു.പി. സ്കൂളുകൾ ഒരു ആവശ്യകതാ പഠനത്തിന്റെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്.

67 (1688) സ്കൂൾ കുട്ടികൾക്കുള്ള ഇൻഷ്വറൻസ്

സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കായി 'കേരള സ്കൂൾ ചിൽഡ്രൻ പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്' എന്ന അപകട ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. അപകടം, മാരകരോഗം എന്നിവമൂലം മരണപ്പെടുന്ന കുട്ടികൾക്ക് 10,000 രൂപ വീതവും അംഗവൈകല്യത്തിന്റെ തോതനുസരിച്ച് 10,000 രൂപവരെയും അനുവദിക്കുന്നു. ലഭ്യമായ കണക്കനുസരിച്ച് കഴിഞ്ഞ അദ്ധ്യയനവർഷം 1628 കുട്ടികൾക്ക് ഈയിനത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ട്.

68 (1863) സഹകരണസംഘ ഭരണസമിതികൾ പിരിച്ചുവിട്ട നടപടി

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ 26 സഹകരണസംഘങ്ങളുടെ ഭരണസമിതികൾ പിരിച്ചുവിടപ്പെട്ടിട്ടുണ്ട്. ഇവയിൽ 17 എണ്ണം പിരിച്ചുവിടലിനെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.